Web & New Media

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

പൊതുവിദ്യാഭ്യാസം- തിരുവനന്തപുരം, വിഴിഞ്ഞം സെന്റ് മേരീസ് ഹയർ സെക്കന്ററി സ്കൂളിൽ 2026-27 അധ്യയന വർഷം കമ്പ്യൂട്ടർ സയൻസ്, കൊമേഴ്സ് വിഭാഗങ്ങളിൽ ഓരോ അധിക ബാച്ച് വീതം അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ജെ.ആർ) വകുപ്പ്**

സ.ഉ.(കൈ) നം.7/2026/GEDN   തീയതി,തിരുവനന്തപുരം, 19-01-2026

---

പരാമർശം:-
1. ഔവർ ലേഡി ഓഫ് ഗുഡ് വോയേജ് ചർച്ച് ഇടവക സെക്രട്ടറി 11.03.2024 ൽ സമർപ്പിച്ച നിവേദനം.
2. തിരുവനന്തപുരം, ഹയർസെക്കന്ററി റീജിയണൽ ഡെപ്യൂട്ടി ഡയറക്ടറുടെ 19/06/2025 തീയതിയിലെ RDDHSE/174/2025-TRO-2 നമ്പർ കത്ത്.
3. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 26/06/2025 , 18/12/2025 തീയതികളിലെ AcdC3/8838/2024/DGE/HSE നമ്പർ കത്തുകൾ.

<u>ഉത്തരവ്</u>

തിരുവനന്തപുരം വിഴിഞ്ഞം സെന്റ് മേരീസ് ഹയർ സെക്കൻഡറി സ്കൂളിൽ 2024-25 അക്കാദമിക വർഷം അധിക ബാച്ച് അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് ഔവർ ലേഡി ഓഫ് ഗുഡ് വോയേജ് ചർച്ച് ഇടവക സെക്രട്ടറി പരാമർശം.1 പ്രകാരം നിവേദനം സമർപ്പിച്ചിരുന്നു.

2. 2024-25,2026-27 അധ്യയന വർഷങ്ങളിൽ തിരുവനന്തപുരം ജില്ലയിൽ അധിക ബാച്ചുകൾ അനുവദിക്കുന്നതിന് സംസ്ഥാനതല സമിതി ശുപാർശ ചെയ്തിട്ടില്ല.എന്നാൽ വിഴിഞ്ഞം അന്തർദേശീയ തുറമുഖ നിർമ്മാണവുമായി ബന്ധപ്പെട്ട കരാറുകളുടെ ഭാഗമായി തിരുവനന്തപുരം വിഴിഞ്ഞം സെന്റ് മേരീസ് ഹയർ സെക്കൻഡറി സ്കൂളിൽ അധിക ബാച്ചുകൾ അനുവദിക്കുന്നതിന് ലഭിച്ച അപേക്ഷ പരിഗണിച്ച്, പ്രസ്തുത വിദ്യാലയത്തിൽ ഓരോ അധിക

ബാച്ച് അനുവദിക്കുന്നതിന് തിരുവനന്തപുരം ജില്ലാ കളക്ടർ ശിപാർശ ചെയ്യുകയുണ്ടായി. വിഴിഞ്ഞം തുറമുഖ നിർമ്മാണവുമായി ബന്ധപ്പെട്ട് നടന്ന വിവിധ യോഗങ്ങളിലും ഈ വിഷയം ചർച്ചചെയ്യുകയും ടി സ്കൂളിൽ അധിക ബാച്ച് അനുവദിക്കുന്ന വിഷയം പരിശോധിക്കുന്നതിന് തീരുമാനിക്കുകയുമുണ്ടായി.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. വിഴിഞ്ഞം അന്തർദേശീയ തുറമുഖ നിർമ്മാണവുമായി ബന്ധപ്പെട്ട കരാറുകളുടെ ഭാഗമായും, തിരുവനന്തപുരം, വിഴിഞ്ഞം സെന്റ് മേരീസ് ഹയർ സെക്കൻഡറി സ്കൂളിൽ അധിക ബാച്ചുകൾ അനുവദിക്കുന്നതിന് ജില്ലാ കളക്ടർ ശിപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിലും, തീരദേശമേഖലയിലെ കുട്ടികളാണ് അധികവും പ്രസ്തുത സ്കൂളിൽ പഠിക്കുന്നതെന്ന വസ്തുത കണക്കിലെടുത്തും, തിരുവനന്തപുരം വിഴിഞ്ഞം സെന്റ് മേരീസ് ഹയർ സെക്കൻഡറി സ്കൂളിൽ 2026-27 അധ്യയന വർഷം മുതൽ കമ്പ്യൂട്ടർ സയൻസ്, കൊമേഴ്സ് വിഭാഗങ്ങളിൽ ഓരോ അധിക ബാച്ച് വീതം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ വാസുകി കെ ഐ എ എസ്
സെക്രട്ടറി

പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
പൊതു വിദ്യാഭ്യാസ ഡയറക്ടർ, (ഹയർ സെക്കന്ററി വിഭാഗം),തിരുവനന്തപുരം.
ജില്ലാ കളക്ടർ,തിരുവനന്തപുരം.
ഹയർ സെക്കന്ററി മേഖല ഉപമേധാവി,തിരുവനന്തപുരം - 695033.
പൊതു ഭരണ (എസ്.സി) വകുപ്പ് (07/01/2026 ലെ ഇനം നം 3532)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ് (30.08.2025-ലെ EDN-B1/303/2025-FIN പ്രകാരം)
ഡയറക്ടർ, വിവരപൊതുജന സമ്പർക്ക വകുപ്പ്, തിരുവനന്തപുരം.
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ്, തിരുവനന്തപുരം (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
പൊതുവിദ്യാഭ്യാസ (എ) വകുപ്പ്
ഓഫീസ് കോപ്പി/കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
B Harikumar സെക്ഷൻ ഓഫീസർ
Date: 03-02-2026 13:14:52

പകർപ്പ്:-

ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

ബഹു. പൊതു വിദ്യാഭ്യാസ - തൊഴിൽ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയുടെ പി.എയ്ക്ക്.